**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1072** **10-08-2023 - ൽ മറുപടിയ്ക്ക്**

**നെയ്യാർ ജലസേചന പദ്ധതിയുടെ ഇടതുകര കനാൽ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാർ ജലസേചന പദ്ധതിയുടെ ഭാഗമായുള്ള ഇടതുകര കനാൽ നവീകരിക്കുന്നതിനും ചോർച്ച തടയുന്നതിനുമായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | നെയ്യാർ ഡാമിൽ ഇടതുകര കനാലിന്റെ ചോർച്ചയുള്ള ഭാഗങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും കനാൽ ബണ്ട് ഇടിഞ്ഞവ സംരക്ഷണ ഭിത്തികെട്ടി സംരക്ഷിക്കുന്നതിനും കനാലിൽ അടിഞ്ഞുകൂടിയ മണ്ണ്, മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ ഓരോവർഷത്തേയും ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ബ്രാഞ്ച് കനാലുകളിലാണ് ലീക്കേജ് കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത്. ആയതിനാൽ ടി ബ്രാഞ്ച് കനാലുകളിൽ ചോർച്ച തടയുന്നതിനുള്ള പ്രവൃത്തികൾക്ക് മുൻഗണന നൽകാറുണ്ട്. |
| (ബി) | പ്രസ്തുത കനാലിന്റെ നവീകരണത്തിനാവശ്യമായ തുക അനുവദിക്കുമോ; കനാലിന്റെ വിവിധ ഭാഗങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ? | (ബി) | നവീകരണ പ്രവർത്തനങ്ങൾക്കായി എസ്റ്റിമേറ്റ് ലഭിക്കുന്ന മുറക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2022-23) ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട 44 ലക്ഷം രൂപയുടെ 5 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ